## ടെണ്ടർലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണറുടെ കാര്യാലയത്തിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ചോറ്റാനിക്കര ദേവസ്വം വകയായുള്ള തെക്കും വടക്കുമുള്ള കംഫർട്ട് സ്റ്റേഷനും വടക്കേ കംഫർട്ട് സ്റ്റേഷൻെറ പുറകുവശത്തുള്ള 11 ഇ-ടോയ്‌ലറ്റും ഡോർമിറ്ററിയും തെക്കുഭാഗത്തുള്ള കംഫർട്ട് സ്റ്റേഷനോട് ചേർന്ന് പുതുതായി പണികഴിപ്പിച്ച 10 ടോയ്‌ലറ്റുകളും കീഴ്ക്കാവ് ക്ഷേത്രത്തിൻെറ തെക്കുഭാഗത്തുള്ള കംഫർട്ട് സ്റ്റേഷനും ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം 2024 നവംബർ 16 മുതൽ 2025 നവംബർ 16 കൂടി ഒരു വർഷ കാലയളവിലേക്ക് (1200 എം.ഇ. വൃശ്ചികം 1 മുതൽ 1201 എം.ഇ. തുലാം 30 കൂടി) ടെണ്ടർ ലേലനടപടികളിലൂടെ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. മേൽപ്രകാരമുള്ള സ്ഥലങ്ങൾ താഴെ വിവരിക്കുന്ന നിബന്ധനകളോടെ നടത്തേണ്ടതും ആയത് **4/11/2024** തിയ്യതി **2.30 PM** മണിക്ക് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്. മേൽപ്രകാരം ഏറ്റെടുത്ത് നടത്താൻ ആഗ്രഹിക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും എടുക്കാൻ തയ്യാറുള്ള സംഖ്യയും രേഖപ്പെടുത്തി ലേലദിവസം **2 PM** ന് മുൻപായി അസിസ്റ്റൻറ് കമ്മീഷ്ണറുടെ ഓഫീസിൽ വച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ബാങ്ക് ഓഫ് ബറോഡയുടെ ചോറ്റാനിക്കര ബ്രാഞ്ചിൽ മാറാവുന്ന 25000/- ക.യുടെ ഡി.ഡി.യും ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണറുടെ പേരിലെടുത്ത് അപേക്ഷയോടൊപ്പം വെയ്ക്കേണ്ടതാണ്. ഡി.ഡി. സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. അപേക്ഷയും ഡി.ഡി.യും കവറിലാക്കി ഒട്ടിച്ച് സമർപ്പിക്കേണ്ടതാണ്. തുടർന്ന് അന്നേദിവസം **2.30 PM** മണിക്ക് ലേലനടപടികൾ ആരംഭിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും നിരതദ്രവ്യമായി 25000/- ക അടയ്ക്കേണ്ടതുമാകുന്നു. നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ലേലം ആരംഭിച്ച് മൂന്നുവാക്ക് വിളിച്ചുനിർത്തി ലേലത്തിനുശേഷം ഹാജരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ ലഭിച്ച ടെണ്ടറുകൾ തുറക്കുന്നതായിരിക്കും. ലേലം/ ടെണ്ടർ ഉറപ്പിക്കുന്ന ആൾ ലേലതുകയുടെ 25% സംഖ്യയും ആയതിൻെറ 18% ജി.എസ്.ടി.യും അപ്പോൾതന്നെ സത്രം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യയും ജി.എസ്.ടി.യും മൂന്ന് ഗഡുക്കളായി 2025 ഫെബ്രുവരി 17, 2025 മെയ് 17, 2025 ഓഗസ്റ്റ് 17 എന്നീ തിയ്യതികൾക്കു മുൻപായി അടച്ച് തീർക്കേണ്ടതാണ്. കൃത്യമായി അടയ്ക്കാത്തപക്ഷം

നൂറ്റിക്ക് 20% കൂടുന്ന പലിശ ഈടാക്കുന്നതുമാണ്. 25% തുക അടയ്ക്കുന്ന മുറയ്ക്ക് ബാക്കിയുള്ള സംഖ്യയ്ക്കും ജി.എസ്.ടി.യ്ക്കും ബാങ്ക് ഗ്യാരണ്ടി കൂടി സമർപ്പിക്കേണ്ടതാണ്. കൂടാതെ ടി സ്ഥലങ്ങളിലേക്കുള്ള വൈദ്യുതി, വെള്ളം വകയിലേക്കുള്ള സംഖ്യകൾ അതാതുമാസം സത്രം ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം ഉറപ്പിച്ച് ബഹു: ബോർഡിൽ നിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലക്കാരന്റെ സ്വന്തം ചിലവിൽ ദേവസ്വം നിബന്ധനകൾക്ക് വിധേയമായി 200/- ക മുദ്രപത്രത്തിൽ കരാർ എഴുതേണ്ടതും കരാറുകാരന്റെ ആധാർകാർഡിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി ഹാജരാക്കേണ്ടതുമാണ്. മേൽപ്രകാരം സംഖ്യകൾ അടയ്ക്കാതിരിക്കുകയോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ വകുപ്പിന് എന്തെങ്കിലും വിധത്തിലുള്ള കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ റവന്യൂ റിക്കവറി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിട്ട ആൾക്ക് അധികാരം ഉള്ളതാകുന്നു.

**ലേലനിബന്ധനകൾ**

കംഫർട്ട് സ്റ്റേഷനിൽ വരുന്ന ഭക്തജനങ്ങളിൽ നിന്നും യൂറിനൽ ആൾ 1ക്ക് 2/- ക.യും ലാട്രിൻ ആൾ 1ക്ക് 4/- ക.യും കുളി ആൾ 1ക്ക് 5/- ക.യും ലാട്രിൻ ബാത്ത് ആൾ 1ക്ക് 10/- ക.യും ഡോർമിറ്ററി ആൾ 1ക്ക് 50/- ക പ്രകാരവും മാത്രമേ ഈടാക്കാൻ പാടുകയുള്ളൂ. കൂടുതൽ തുക ഈടാക്കുന്നതായി പരാതി ലഭിക്കുന്നപക്ഷം ലേലം റദ്ദ് ചെയ്ത് അനന്തരനടപടികൾ എടുക്കുന്നതായിരിക്കും. കംഫർട്ട് സ്റ്റേഷൻ, ഡോർമിറ്ററി എന്നിവ തുറന്ന് പ്രവർത്തിപ്പിക്കേണ്ട സമയങ്ങളെ സംബന്ധിച്ച് ദേവസ്വത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാകുന്നു.

മേൽപ്രകാരമുള്ള നിരക്കുകൾ കാണിക്കുന്ന സ്ഥിരബോർഡുകൾ കംഫർട്ട് സ്റ്റേഷനിലും പരിസരത്തും ലേലം/ടെണ്ടർ കൊണ്ട വ്യക്തി പ്രദർശിപ്പിക്കേണ്ടതാകുന്നു. കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്ന രീതിയിൽ ഭക്തജനങ്ങൾക്കും പരിസരവാസികൾക്കും ആക്ഷേപങ്ങൾക്ക് ഇടവരുത്താതെ നടത്തേണ്ടതാകുന്നു. ക്ഷേത്രനട തുറക്കുന്നതിന് ഒരു മണിക്കൂർ മുൻപായി തുറന്ന് പ്രവർത്തനം ആരംഭിക്കേണ്ടതും രാത്രി ഗുരുതി കഴിയുന്നതുവരെ തുറന്നിരിക്കേണ്ടതുമാകുന്നു. ക്ഷേത്രത്തിൽ വിശേഷാൽ അടിയന്തിരങ്ങൾ ഉള്ള സമയങ്ങളിൽ ദേവസ്വത്തിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ടതും മണ്ഡല-മകരവിളക്ക് കാലയളവിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കേണ്ടതാകുന്നു.

കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിനോ മുറികൾക്കോ അതിലുള്ള മറ്റു ഉപകരണങ്ങൾക്കോ യാതൊരു കേടുപാടുകളും കൂടാതെ സൂക്ഷിക്കേണ്ടതാകുന്നു.

കംഫർട്ട് സ്റ്റേഷനിലേക്കും ഡോർമിറ്ററികളിലേക്കും കറൻറ്ചാർജ്ജ് ഇനത്തിൽ പ്രതിമാസം 1000/- ക.യും വെള്ളക്കരം 3000/- ക വീതവും മുൻകൂറായി അതാത് മലയാളമാസം 1-ാം തിയ്യതികളിൽ അടയ്ക്കേണ്ടതാകുന്നു. ദേവസ്വത്തിൽ വെള്ളത്തിന്റെ ലഭ്യത ഇല്ലാത്ത മാസങ്ങളായ മകരം മുതൽ ഇടവം കൂടി വെള്ളം ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ലേലക്കാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ വെള്ളം എത്തിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

ലേലസമയം കെട്ടിവെച്ച അഡ്വാൻസ് സംഖ്യയും ഡി.ഡി.യും സംഖ്യ പൂർണ്ണമായും അടച്ചുതീർത്തതായി ബോധ്യപ്പെട്ടതിനുശേഷവും കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിനോ മുറികൾക്കോ അതിലുള്ള മറ്റു ഉപകരണങ്ങൾക്കോ യാതൊരു കേടുപാടുകളും ഇല്ലെന്ന് ബോധ്യപ്പെട്ടതിനുശേഷവും ലേലകാലാവധിക്കു ശേഷം മാത്രം മടക്കികൊടുക്കുന്നതാണ്.

മേൽപ്രകാരം കംഫർട്ട് സ്റ്റേഷനും ഡോർമിറ്ററികളും ലേലത്തിനെടുക്കുന്ന മുറയ്ക്ക് സെപ്റ്റിക്ടാങ്കുകൾ, ഓവർഫ്ലോ ടാങ്കുകൾ, കുളിക്കുന്ന വെള്ളം ശേഖരിക്കുന്ന ടാങ്കുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതും ടോയ്‌ലറ്റുകൾ, ബാത്ത്റൂമുകൾ, പരിസരങ്ങൾ എന്നിവ സ്വന്തം ചിലവിൽ വൃത്തിയാക്കി ഉപയോഗിക്കേണ്ടതും ടി സ്ഥലങ്ങളിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഫിറ്റിംഗ് ഉൾപ്പെടെ കെട്ടിടങ്ങളിലുണ്ടാകുന്ന മറ്റ് കേടുപാടുകൾ സ്വന്തം ചിലവിൽ പരിഹരിച്ച് ഉപയോഗിക്കേണ്ടതാകുന്നു.

മേൽപ്രകാരം നിബന്ധനകളോടെ ഭക്തജനങ്ങൾക്കോ പരിസരവാസികൾക്കോ ആക്ഷേപം കൂടാതെ നടത്തേണ്ടതും അല്ലാത്തപക്ഷം ആക്ഷേപത്തിന് ഇടവരുത്തിയാലോ ക്ഷേത്രത്തിൽ സംഖ്യ അടയ്ക്കാതെ വീഴ്ച വരുത്തുകയോ ചെയ്താൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിട്ട ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പുനർലേലത്തിലൂടെ വകുപ്പിന് ഏതെങ്കിലും വിധത്തിലുള്ള നഷ്ടം സംഭവിച്ചാൽ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ലാഭമുണ്ടായാൽ ലേലക്കാരന് അവകാശമില്ലാത്തതാകുന്നു. ലേലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ആഗ്രഹിക്കുന്നവർ പ്രവർത്തിദിവസങ്ങളിൽ പ്രവർത്തിസമയങ്ങളിൽ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ ചോറ്റാനിക്കര ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയുന്നതാണ്.

കംഫർട്ട്സ്റ്റേഷനുകളിൽ പിരിവെടുക്കുന്നതിനും ഡോർമിറ്ററികളിൽ ഭക്തജനങ്ങൾക്ക് കിടക്കുന്നതിനും വേണ്ടതായ സൗകര്യങ്ങൾ ലേലക്കാരൻെറ ചുമതലയിൽ നിർവ്വഹിക്കേണ്ടതാകുന്നു.

ചോറ്റാനിക്കര സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മാണവുമായി ബന്ധപ്പെട്ട് കംഫർട്ട് സ്റ്റേഷൻ ഒഴിവാകേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം ബോർഡ് കല്പനയ്ക്ക് വിധേയമായി തർക്കമോ, തടസ്സമോ ഉന്നയിക്കാതെ കരാറുകാരൻ ഒഴിവായി നൽകാൻ തയ്യാറാകേണ്ടതാണ്.

ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ലേലം വേണ്ടെന്ന് വയ്ക്കുന്നതിനും മറ്റൊരു തിയ്യതിയിലേക്ക് മാറ്റി വെയ്ക്കുന്നതിനും യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുള്ളതാകുന്നു.

അസിസ്റ്റൻറ് കമ്മീഷണർ

ചോറ്റാനിക്കര ദേവസ്വം